രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തനങ്ങൾ

140 (7108) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെകീഴിൽ പ്രവർത്തിക്കുന്ന രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിന്റെ ഒരു കെട്ടിടം കേരള യൂണിവേഴ്സിറ്റി ലീസിനെടുത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവിടെയുള്ള രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) ഈ സ്ഥാപനം സ്ഥലപരിമിതിമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഈ സ്ഥാപനം പ്രവർത്തിക്കുന്നതിനായി, കെട്ടിടസമുച്ചയം അടക്കമുള്ള സൗകര്യങ്ങൾക്ക് തഴക്കര പഞ്ചായത്തിലെ അടച്ചുപൂട്ടിയ ഗവൺമെന്റ് എൽ.പി.എസ്. ഫോർ ബോയ്സ് സ്കൂളിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥലം ഏറ്റെടുത്ത് രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിൽനിന്നും 33 വർഷത്തേയ്ക്ക് ലീസിനെടുത്തിട്ടുണ്ട്.

(ബി) നടപ്പ് അദ്ധ്യയന വർഷം ബിരുദാനന്തര ബിരുദ തലത്തിലുള്ള രണ്ട് MVA കോഴ്സുകൾ (മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്ട് ഹിസ്റ്ററി) ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേക്കുള്ള സ്റ്റുഡിയോ സൗകര്യങ്ങളും ഉപകരണങ്ങളും സജ്ജമാക്കിവരുന്നു.

(സി) മുകളിൽ പ്രസ്താവിച്ച കോഴ്സുകൾ നടപ്പിലാക്കാൻ സ്ഥലപരിമിതിയില്ല. അതുകൊണ്ടുതന്നെ സ്ഥാപനം അടച്ചുപൂട്ടൽ ഭീഷണിയിലല്ല. എന്നാൽ രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിനെ കലകളുടെ ഒരു മാതൃകാ പഠന കേന്ദ്രമായി വികസിപ്പിച്ചെടുക്കുന്നതിന് നിലവിലുള്ള കെട്ടിടം പര്യാപ്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ലീസിനെടുത്തിട്ടുള്ള കെട്ടിടത്തിന്റെ സമീപ പ്രദേശത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ അതായിരിക്കും കൂടുതൽ അഭികാമ്യമെന്നും കൂടാതെ മാവേലിക്കരയിൽ ഈയിടെ തീയിൽ അടച്ചുപൂട്ടിയ ക്ലോറൈറ്റ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിൽനിന്നും നാലേക്കർ സ്ഥലം വിട്ടുകിട്ടിയാൽ കൂടുതൽ പ്രയോജനകരമാകുമെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) അനുയോജ്യമായ സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ കെട്ടിടനിർമ്മാണം

141 (7110) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഏറനാട്, പെരിന്തൽമണ്ണ തഹസിൽദാർമാർ ഇതിനുള്ള സ്ഥലം സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) മലപ്പുറം കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) ഏറനാട് തഹസിൽദാർ നലകിയ കത്തിന്റെ മറുപടിയായി പന്തല്ലൂർ വില്ലേജ് ഓഫീസ് കോമ്പൗണ്ടിലെ ഭൂമി ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിക്കുന്നത് സംബന്ധിച്ച് 29-8-2008-ലെ 55028/23/2008 നമ്പർ സർക്കുലർ പ്രകാരം നിർവ്വാഹമില്ലാത്തതിനാൽ, സർക്കാരിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു എന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ തഹസിൽദാരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) കോളേജിന് കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly